പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 488 **13-10-2026-ൽ മറുപടിയ്ക്ക്**

ടെക്നോളജി പാർക്ക്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) നഗരസഭകളുമായി ചേർന്ന് ടെക്നോളജി പാർക്ക് സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി (LSGI) ചേർന്ന് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന് അന്തിമ രൂപം നൽകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പുമായുള്ള കൂടിയാലോചനകൾക്ക് ശേഷമായിരിക്കും.

(ബി) ഐ.ടി. പാർക്കുകളുടെ ഘടനാപരമായ മാറ്റങ്ങൾക്ക് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: ഐ.ടി പാർക്കുകളുടെ പുതിയ സാങ്കേതിക വിദ്യകൾക്കും ആവശ്യങ്ങൾക്കും അനുയോജ്യമായ രീതിയിൽ മാറ്റിയെടുക്കുന്നതിനായി സർക്കാർ പ്രധാനപ്പെട്ട ചില ഘടനാപരമായ മാറ്റങ്ങളും നയപരമായ തീരുമാനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

1. **Kerala Tech ബ്രാൻഡിംഗ്:** പരമ്പരാഗത ഐ.ടി രീതികളിൽ നിന്ന് മാറി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ഡീപ് ടെക്, എമർജിംഗ് ടെക്നോളജികൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിനായി 'കേരള ടെക്'' എന്ന പേരിൽ ഏകീകൃത പ്ലാറ്റ്ഫോം രൂപീകരിച്ചുവരുന്നു.

2. **ഏകജാലക സംവിധാനം:** പുതിയ കമ്പനികൾക്ക് ഓഫീസ് സ്പേസ് അനുവദിക്കുന്നതിനും അനുമതികൾ ലഭിക്കുന്നതിനും എല്ലാ ഐ.ടി പാർക്കുകൾക്കുമായി ഏകീകൃത സിംഗിൾ വിൻഡോ പോർട്ടൽ നടപ്പിലാക്കിയിട്ടുണ്ട്.

3. **സ്വകാര്യ ഐ.ടി പാർക്കുകളുടെ അഫിലിയേഷൻ :** കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്വകാര്യ ഐ.ടി പാർക്കുകളെ സർക്കാർ ഐ.ടി പാർക്കുകളുടെ ശൃംഖലയുമായി (Co- developer/Affiliate) ബന്ധിപ്പിച്ചു പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

4. **ലാൻഡ് പൂളിംഗ്:** ലാൻഡ് പൂളിംഗ് മാതൃക ഉപയോഗപ്പെടുത്തി പാർക്കുകളുടെ ഭൂമി ലഭ്യതയും അടിസ്ഥാന സൗകര്യ വികസനവും വേഗത്തിലാക്കുന്നു.

5. എ റോഡ് ടു ദി കേരള ഗ്ലോബൽ കേഷബിലിറ്റി സെന്റർ പോളിസി 2026-2031

ബാക്ക്-ഓഫീസ് സപ്പോർട്ട് യൂണിറ്റുകളിൽ നിന്ന് നവീകരണം (Innovation), ഗവേഷണവും വികസനവും (R&D), ഡിജിറ്റൽ പരിവർത്തനം, ആധുനിക സാങ്കേതികവിദ്യകൾ എന്നിവയ്ക്കായുള്ള പ്രധാന കേന്ദ്രങ്ങളായി മാറിയ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളുടെ തന്ത്രപരമായ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കൊച്ചി, തിരുവനന്തപുരം എന്നീ സാങ്കേതിക ഹബ്ബുകളിലും സംസ്ഥാനത്ത് വളർന്നുവരുന്ന മറ്റ് സാങ്കേതിക ഹബ്ബുകളിലും ജി.സി.സി-കളെ ആകർഷിക്കുന്നതിനും നിക്ഷേപം ലഭ്യമാക്കുന്നതിനുമായി **"എ റോഡ് ടു ദി കേരള ഗ്ലോബൽ കേഷബിലിറ്റി സെന്റർ പോളിസി 2026-2031"** ന് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

(സി) ടെക്നോളജി കമ്പനികളെയും ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളെയും (ജി.സി.സി.) ആകർഷിക്കുന്നതിനായി വിമാനത്താവളങ്ങൾക്ക് സമീപം പുതിയ ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുവാൻ ഭൂമി ഏറ്റെടുക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി:</u> ഉണ്ട്. ടെക്നോളജി കമ്പനികളെയും ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളെയും (ജി.സി.സി) ആകർഷിക്കുന്നതിനായി വിമാനത്താവളങ്ങൾക്ക് സമീപം ഐ.ടി പാർക്കുകൾ വികസിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവ മുഖേന അനുയോജ്യമായ ഭൂമി നേരിട്ട് ഏറ്റെടുക്കുക, വ്യവസായ വകുപ്പിന്റെ വ്യവസായ മേഖലകളിൽ ഭൂമി കണ്ടെത്തുക, വിമാനത്താവളങ്ങൾക്ക് സമീപം സ്വകാര്യ മേഖലയിൽ ഐ.ടി പാർക്കുകൾ പ്രോത്സാഹിപ്പിക്കുക എന്നീ മാർഗ്ഗങ്ങളിലൂടെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബന്ധപ്പെട്ട പാർക്കുകളുടെ സി.ഇ.ഒ.മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ